LIBRARY ARCHIVES Kerala Legislative Assembly

തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണി

54 [3227] ശ്രീ. സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. സി. റോഡിൽ അങ്കമാലി-മൂവാറ്റുപുഴ റോഡിന്റെ പുനരുദ്ധാരണ ജോലികൾ മന്ദഗതിയിൽ ആയതിനാൽ ഇതുമൂലം ഉണ്ടായിട്ടുള്ള ഗുരുതരാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെ.എസ്.ടി.പി. ഉദ്യോഗസ്ഥന്മാരും കരാറുകാരും വരുത്തിയ വീഴ്ചമൂലം വല്ലം പാലം പണിയുന്നതിന് ആലോചന കൂടാതെ വാഹനങ്ങൾ വഴി തിരിച്ചുവിട്ട് ഗതാഗതകുരുക്കും റോഡുകളുടെ തകർച്ചയും സൃഷ്ടിച്ചവർക്കെതിരെ സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കൊപ്പം അറ്റകുറ്റപ്പണികൾ നടത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) തകർന്ന റോഡുകൾ അടിയന്തിരമായി പുനർനിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനംമൂലം തകർന്ന കുടിവെള്ള വിതരണ സംവിധാനങ്ങളും അഴുക്കുചാലുകളും പുന:സ്ഥാപിക്കുവാൻ നിർദ്ദേശം നൽകുമോ;

(എഫ്) എം.സി. റോഡിൽ നടന്നുവരുന്ന നിർമ്മാണ ജോലികളും വല്ലം പാലത്തിന്റെ പണിയും പൂർത്തിയാക്കാൻ കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ ഇല്ലെങ്കിൽ അടിയന്തിരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ജി) റോഡ് നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കലിന്റെ പുരോഗതി അറിയിക്കുമോ;

(എച്ച്) വല്ലം പാലം പൊളിച്ചു പണിയുന്നതിനാൽ പൊതുമരാമത്ത് വകുപ്പിന്റെയും നഗരസഭയുടേയും റോഡുകൾ വഴി വാഹനങ്ങൾ വഴിതിരിച്ചു വിടുവാൻ കരാറുകാർ ബന്ധപ്പെട്ടവരുടെ അനുവാദം മുൻകൂർ വാങ്ങിയിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഐ) വാഹനങ്ങൾ തിരിച്ചുവിട്ടതിനാൽ ഗതാഗതയോഗ്യമല്ലാതായി തീർന്ന റോഡുകൾ പുനർനിർമ്മിക്കുവാൻ വേണ്ടി വരുന്ന തുക കരാറുകാരിൽ നിന്നും ഈടാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്ഥലമെടുപ്പ് ജോലികൾ പൂർത്തിയാക്കാൻ വൈകിയതും കാലവർഷവും, അങ്കമാലി-മൂവാറ്റുപുഴ റോഡിന്റെ പുനരുദ്ധാരണ ജോലികളെ തടസ്സപ്പെടുത്തിയിരുന്നു.

(ബി) അങ്കമാലി-മൂവാറ്റുപുഴ റോഡിൽപ്പെട്ട വല്ലം പാലത്തിന്റെ പണികൾ നടത്തുന്നതിന് ഈ പാലം വഴിയുള്ള ഗതാഗതം തിരിച്ചു വിടേണ്ടത് അനിവാര്യ മായിരുന്നു. ആയതിനാൽ ഗതാഗതം തിരിച്ചുവിട്ടവർക്കെതിരെ നടപടി എടുക്കേണ്ട ആവശ്യകതയില്ല.

(സി) പുനരുദ്ധാരണ പണികളോടൊപ്പം അറ്റകുറ്റപ്പണികൾ നടത്തുന്ന തിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ഡി ആന്റ് ഇ) നടപടികൾ സ്വീകരിച്ചു വരുന്നു.

(എഫ്) വല്ലം പാലത്തിന്റെ പണി പൂർത്തിയായി ഗതാഗതത്തിനു തുറന്നു കൊടുത്തിട്ടുണ്ട്. നിർമ്മാണ ജോലികൾ കരാർ കാലാവധിയായ രണ്ട് വർഷത്തി നുള്ളിൽ പൂർത്തിയാകുംവിധം പുരോഗമിച്ചുവരുന്നു.

(ജി) രായമംഗലം ഐരാപുരം വില്ലേജുകളിലെ ഭൂമി പൊന്നുംവില അവാർഡ് സ്റ്റേജിലാണ്. മറ്റ് വില്ലേജുകളിലെ സ്ഥലമെടുപ്പ് നടപടികൾ ആറുമാസ ത്തിനകം പൂർത്തിയാകുംവിധം പുരോഗിച്ചു വരുന്നു.

(എച്ച്) ഗതാഗതം വഴി തിരിച്ചുവിടുന്നതിന് കരാറുകാരൻ പ്രോജക്ട് അധികാരികളുടെ മുൻകൂർ അനുമതി വാങ്ങിയിരുന്നു.

(ഐ) ഗതാഗതം തിരിച്ചുവിട്ടതുമൂലം തകരാറിലായ റോഡ് പുനരുദ്ധരിക്കു ന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

ഓച്ചിറ-താമരക്കുളം റോഡ് പുനർനിർമ്മാണം

55 [3228] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ഓച്ചിറ-താമരക്കുളം റോഡ് (0/00 മുതൽ 3/240) പുനർനിർമ്മിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ഇതിന്റെ നിർമ്മാണം ഏത് ഘട്ടംവരെയായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഈ റോഡിന്റെ പുനർനിർമ്മാണത്തിനുള്ള റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

നാദാപുരം നിയോജകമണ്ഡലത്തിലെ റോഡുകൾ

56 [3229] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ നിലവിലുള്ള റോഡുകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly